# ക്നാനായ കത്തോലിക്ക കോൺഗ്രസ് ഓഫ് നോർത്തേൺ കാലിഫോർണിയ (KCCNC)



# സിൽവർ ജൂബിലി ഉദ്ഘാടനം സെപ്റ്റംബർ 12 ന്

www.kccnc.us

കുടിയേറ്റ പാരമ്പര്യം കൈമുതലായുള്ള ക്നാനായക്കാർ ഇന്ന് ലോകത്തിന്റെ ഒട്ടുമിക്ക ഭാഗങ്ങളിലും തങ്ങളുടെ സാന്നിദ്ധ്യം അറിയിച്ചു കഴിഞ്ഞു. അമേരിക്കയിലെ കാലിഫോർണിയ സംസ്ഥാനത്തെ സിലിക്കോൺ വാലി എന്നറിയപ്പെടുന്ന സാൻഹൊസെയിലേക്ക് എഴുപതുകളിലാണ് ക്നാനായക്കാർ കടന്നു വരുന്നത്. വർഷത്തിൽ എപ്പോഴും നല്ല കാലാവസ്ഥ നിലനിൽക്കുന്ന ഈ പ്രദേശത്തേക്ക് കൂടുതൽ ക്നാനായക്കാർ തൊഴിലിനും മറ്റുമായി തുടർന്നും വന്നുകൊണ്ടിരുന്നു. കാലക്രമത്തിൽ ഒരു സമുദായമെന്ന രീതിയിൽ ഒരുമിച്ചു കൂടുന്നതിനും പ്രവർത്തിക്കുന്നതിനും ഉതകുന്ന ഒരു സംവിധാനം ഉണ്ടാകുന്നതിനെക്കുറിച്ച് ചർച്ചകളും യോഗങ്ങളും നടന്നു. അതിന്റെ ഫലമായി 1996 സെപ്റ്റംബർ 14 ന് അന്ന് സാൻഹൊസെയിൽ ഉണ്ടായിരുന്ന എല്ലാ ക്നാനായക്കാരും ഒത്തുചേർന്ന് നമ്മുടേതായ ഒരു സംഘടന രൂപീകരിക്കുന്നതിനുക്കുറിച്ചു ചർച്ച ചെയ്യുകയും ജോയി മറ്റത്തിൽ, ജോൺസൺ പുറയംപള്ളി, റ്റോമി വടുതല, ജേക്കബ് പാലനിക്കുംമുറിയിൽ, സിറിയക് തോട്ടം, ജോജോ വട്ടാടികുന്നേൽ എന്നിവരുടെ ഒരു താത്ക്കാലിക കമ്മറ്റിയയെ ചുമതലപ്പെടുത്തി.



വിവിൻ ഓണശ്ശേരിൽ
(KCCNC പ്രസിഡന്റ്)

1997 മാർച്ച് 16 ന് സാൻഹൊസെ സെന്റ് ജൂലി പള്ളിയിൽ വച്ച് ബഹു. ഫാ. ജയിംസ് കുടിലിലിന്റെ നേതൃത്വത്തിൽ വി. കുർബാനയ്ക്ക് ശേഷം കൂടിയ യോഗത്തിൽ 100 ശതമാനംപേരും ക്നാനായ സംഘടന രൂപീകരിക്കാൻ അനുകൂലിക്കുകയും, 1997 ഏപ്രിൽ 19-ാം തീയതി ക്നാനായ കത്തോലിക്ക കോൺഗ്രസ് ഓഫ് നോർത്തേൺ കാലിഫോർണിയ (KCCNC) എന്ന പേര് നിർദേശിക്കുകയും ഇവിടുത്തെ സാഹചര്യത്തിന് ഇണങ്ങിയ രീതിയിൽ ഒരു ഭരണഘടന എഴുതി ഉണ്ടാക്കുവാൻ ജോജോ വട്ടാടികുന്നേലിനെ ചുമതലപ്പെടുത്തുകയും ചെയ്തു.

1997 ജൂൺ 22 ന് സെന്റ് ജൂലി പള്ളിയിൽ വച്ച് ഫാ. ജയിംസ് കുടിലിലിന്റെ നേതൃത്വത്തിൽ വി. കുർബാനയ്ക്കു ശേഷം നടന്ന പൊതുയോഗത്തിൽ ജോയി മറ്റത്തിൽ (പ്രസിഡന്റ്), ജോൺസൺ പുറയംപള്ളിയിൽ (വൈസ് പ്രസിഡന്റ്), ജോജോ വട്ടാടികുന്നേൽ (സെക്രട്ടറി), അലക്സ് തറയിൽ (ജോ. സെക്രട്ടറി), റ്റോമി വടുതല (ട്രഷറർ) എന്നിവരെ ഭാരവാഹികളായും സ്പിരിചൽ ഡയറക്ടറായി ഫാ. ജയിംസ് കുടിലിനെയും തെരഞ്ഞെടുത്തു.

എല്ലാ വർഷവുമുള്ള പികിനിക്ക്, ക്രിസ്തുമസ് ആഘോഷങ്ങൾ, കലാ കായിക വിനോദങ്ങൾ, വാർഷിക മീറ്റിംഗുകൾ ഒക്കെയായി ക്നാനായക്കാർക്ക് വേണ്ടി വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നു. കിഡ്സ് ക്ലബ്ബ്, കെ.സി.വൈ.എൽ.എൻ.എ, കെ.സി.സി.എൻ.സി വിമൻസ് ഫോറം, യുവജനവേദി എന്നീ സഹസംഘടനകളും ഇവിടെ സജീവമായി പ്രവർത്തിച്ചു വരുന്നു.

2006 ൽ സാൻഹൊസെയിൽ കെ.സി.സി.എൻ.എ. കൺവൻഷൻ മാതൃകപരമായി നടത്തുവൻ കഴിഞ്ഞു. 2011 ഒക്ടോബർ 26 ന് 1 ഏക്കർ ഭൂമിയും 300 പേർക്കിരിക്കാവുന്ന ഒരു ദൈവാലയവും 400 പേർക്കിരിക്കാവുന്ന കമ്മ്യൂണിറ്റി സെന്ററും കെ.സി.സി.എൻ.സി-യും മിഷനും ചേർന്നു സ്വന്തമാക്കി. പിന്നീട് വോളിബോൾ, ബാസ്ക്കറ്റ്ബോൾ എന്നിങ്ങനെ സ്പോർട്സ് സൗകര്യങ്ങളും ഏർപ്പെത്തി. ഇപ്പോഴത്തെ കമ്മിറ്റിയുടെ നേതൃത്വത്തിൽ റിക്രിറിയേഷൻ റൂം നിർമ്മിക്കുകയും ചെയ്തു. കൂടാതെ വികാരി ഫാ. സജി പിണർക്കയിലിന്റെയും അസോസിയേഷൻ പ്രസിഡന്റ് വിവിൻ ഓണശ്ശേരിലിന്റെയും നേതൃത്വത്തിൽ 9 ലക്ഷം ഡോളർ നൽകി സെമിത്തേരിയും വാങ്ങി.

ഉദ്ഘാടനം



സിറിയക് കൂവക്കാട്ടിൽ
(KCCNA പ്രസിഡന്റ്)



ഫാ. സജി പിണർക്കയിൽ
(സ്പിരിചൽ അഡ്വൈസർ)



ജോയി മറ്റത്തിൽ
(KCCNC ആദ്യ പ്രസിഡന്റ്)

കെ.സി.സി.എൻ.സി സിൽവർ ജൂബിലിയുടെ ഭാഗമായി കുട്ടികൾക്ക് സ്പോർട്സ് സൗകര്യങ്ങൾ ഉണ്ടാക്കികൊടുക്കും. നിലവിൽ (2019-21) വിവിൻ ഓണശ്ശേരിൽ (പ്രസിഡന്റ്) ഷീബ പുറയംപള്ളിൽ (വൈസ് പ്രസിഡന്റ്), പ്രബിൻ ഇലഞ്ഞിക്കൽ (സെക്രട്ടറി), ഷിബു പാലക്കാട്ട് (ജോ. സെക്രട്ടറി), സ്റ്റീഫൻ വേലിക്കട്ടേൽ (ട്രഷറർ) എന്നിവരാണ് ഭാരവാഹികൾ.

ക്നാനായ സമുദായത്തിന്റെ വളർച്ചയ്ക്കായി കെ.സി.സി.എൻ.സി എന്ന സംഘടന രൂപീകരിക്കുകയും , തനിമയിലും ഒരുമയിലും സമുദായത്തിന്റെ വളർച്ചയ്ക്കു വേണ്ട പ്രവർത്തനങ്ങൾ കാഴ്ചവച്ച് 24-ാം വർഷം പൂർത്തിയാക്കി ജൈത്രയാത്ര തുടരുകയാണ്. സെപ്റ്റംബർ 12-ാം തീയതി നടക്കുന്ന സിൽവർ ജൂബിലി പ്രവർത്തനോദ്ഘാടന ചടങ്ങിലേക്ക് എല്ലാവരെയും സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു.

## ഭാരവാഹികൾ – 2019 – 21



പ്രബിൻ ഇലഞ്ഞിക്കൽ
(സെക്രട്ടറി)



സ്റ്റീഫൻ വേലിക്കെട്ടേൽ (ട്രഷറർ)



ഷീബ പുറയംപള്ളിൽ
(വൈസ് പ്രസിഡന്റ്)




ഷിബു പാലക്കാട്ട്
(ജോ. സെക്രട്ടറി)

## പ്രോഗ്രാം

| | | |
|---|---|---|
| 10.45 am | : | പതാക ഉയർത്തൽ, വി. കുർബാന<br>**ഫാ. സജി പിണർക്കയിൽ**<br>(കെ.സി.സി.എൻ.സി സ്പിരിചൽ ഡയറക്ടർ) |
| 12.30 pm | : | **25 പേരുടെ മാർഗ്ഗംകളി**<br>**25 പേരുടെ ചെണ്ടമേളം, പ്രദക്ഷിണം** |
| 1.00 pm | : | **ക്നായിതോമാ പ്രതിമാ അനാഛാദനം**<br>സ്നേഹവിരുന്ന് |
| 1.30 pm | : | **ഉദ്ഘാടനം സമ്മേളനം** |
| സ്വാഗതം | : | **പ്രബിൻ ഇലഞ്ഞിക്കൽ** (സെക്രട്ടറി) |
| അദ്ധ്യക്ഷൻ | : | **വിവിൻ ഓണശ്ശേരിൽ**<br>(കെ.സി.സി.എൻ.സി പ്രസിഡന്റ്) |
| ഉദ്ഘാടനം | : | **സിറിയക് കൂവക്കാട്ടിൽ**<br>(കെ.സി.സി.എൻ.എ പ്രസിഡന്റ്) |
| ആശംസകൾ | : | **ഫാ. സജി പിണർക്കയിൽ, ജോയ് മറ്റത്തിൽ**<br>***കൾച്ചറൽ പ്രോഗ്രാം*** |

## സ്നേഹസ്മരണയ്ക്ക്



**ഫാ. ജയിംസ് കുടിലിൽ**
**(കെ.സി.സി.എൻ.സി ആദ്യ സ്പിരിച്ച്വൽ ഡയറക്ടർ)**

